# കുട്ടികൾ കെട്ടിപ്പിടിച്ചാൽ...






**സന്ധ്യാറാണി. എൽ**
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
Ph : 9388 183 153
www.consolace.com


അടുത്തിടെ കേരളത്തിലെ ഒരു സ്കൂളിൽ നടന്ന സംഭവവും അതെ തുടർന്നുണ്ടായ വിവാദങ്ങളുമാണ് ഇതെഴുതാൻ പ്രേരണയായത്.

ഒരു ആൺകുട്ടി അതേ സ്കൂളിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെ പരസ്യമായി ആലിംഗനം ചെയ്തതാണ് കേസിന് തുടക്കം കുറിച്ചത്. അധ്യാപകരും മറ്റുകുട്ടികളും നോക്കിനിൽക്കെ കെട്ടിപ്പിടിച്ചതിലൂടെ കുട്ടികൾ സ്കൂളിന്റെ യശസ്സിന് കളങ്കംവരുത്തിയെന്നാരോപിച്ച് ഇരുവരേയും സ്കൂളിൽ നിന്ന് പുറത്താക്കുകയാണുണ്ടായത്. മാത്രമല്ല ഈ കുട്ടികൾ ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്ത ചില ചിത്രങ്ങളും ഇരുവരും തമ്മിലുള്ള അടുപ്പത്തിന് തെളിവാണെന്ന് സ്കൂൾ അധികൃതർ വാദിച്ചു. കേസ് ബാലാവകാശ കമ്മീഷനിലും അവിടുന്ന് ഹൈക്കോടതിയിലും എത്തുകയും ദേശീയമാധ്യമങ്ങളിൽ വരെ വിഷയം ചർച്ചയാകുകയും ചെയ്തു. വാദപ്രതിവാദങ്ങൾക്കപ്പുറം കേസിന്റെ വസ്തുതയിലേയ്ക്ക് കണ്ണോടിക്കുമ്പോൾ പൊതുവിടങ്ങളിലെ സ്നേഹപ്രകടനത്തെ

**വ്യക്തിസ്വാതന്ത്ര്യത്തിന് കൂടുതൽ വിലകൽപ്പിക്കുന്ന സമൂഹങ്ങളിൽ പൊതു സ്ഥലങ്ങളിലെ സ്നേഹപ്രകടനങ്ങൾക്ക് വിലക്കില്ല. അത് രണ്ടു വ്യക്തികളുടെ കാര്യം എന്നതിനപ്പുറത്തേയ്ക്ക് ആരും ശ്രദ്ധിക്കാനോ ഇടപെടാനോ മുതിരാറില്ല. പാശ്ചാത്യരാജ്യങ്ങൾ ഇതിന് ഉദാഹരണമാണ്. മറിച്ച് യാഥാസ്ഥിതിക മനോഭാവം പുലർത്തുന്ന സമൂഹങ്ങളിൽ പരസ്യമായ സ്നേഹപ്രകടനങ്ങൾ നിയമപരമായി തന്നെ കുറ്റകരമോ അല്ലെങ്കിൽ സമൂഹം ഒട്ടും അംഗീകരിക്കാത്ത ഒന്നോ ആണ്. പൊതുസ്ഥലങ്ങളിലെ പെരുമാറ്റത്തിന് കർശനമായ നിയമങ്ങൾ ഉള്ള അറബ് രാജ്യങ്ങൾ ഇതിന് ഉദാഹരണമാണ്.**

(Public Display of Affection) മലയാളികൾ എങ്ങനെ നോക്കിക്കാണുന്നു എന്ന് വ്യക്തമാകും. പൊതുവിടങ്ങളിൽ പരസ്യമായി സ്നേഹപ്രകടനങ്ങൾ നടത്തുന്നത് പാശ്ചാത്യരാജ്യങ്ങളിൽ സർവ്വസാധാരണമാണെങ്കിലും ഇന്ത്യയിൽ പലയിടങ്ങളിലും ഇത് അംഗീകരിച്ചിട്ടില്ല. അതുകൊണ്ടു തന്നെ പരസ്യമായി നടത്തുന്ന സ്നേഹപ്രകടനങ്ങൾ സദാചാരത്തിനു നിരക്കാത്തതാണെന്ന് വിലയിരുത്തപ്പെടുകയും 'അതിരുവിട്ടു' പെരുമാറുന്നവർക്ക് നേരെ കയ്യേറ്റശ്രമങ്ങളുണ്ടാകുകയും ചെയ്യുന്നു.

## എന്താണ് പി.ഡി.എ ?

പൊതുസ്ഥലങ്ങളിൽ നടത്തുന്ന സ്നേഹപ്രകടനങ്ങളെയാണ് പബ്ലിക് ഡിസ്പ്ലേ ഓഫ് അഫെക്ഷൻ അഥവാ പി.ഡി.എ എന്നു വിളിക്കുന്നത്. പൊതുവിടങ്ങളിൽ കൈകോർത്തു പിടിച്ചു നടക്കുന്നതും ആശ്ലേഷിക്കുന്നതും ചുംബിക്കുന്നതുമെല്ലാം പരസ്യസ്നേഹപ്രകടനങ്ങൾക്ക് ഉദാഹരണമാണ്. ഇത് എത്രത്തോളം അംഗീകരിക്കപ്പെടും എന്നത് സാഹചര്യത്തിനും സ്ഥലത്തിനും വ്യക്തികളേയും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. വ്യക്തിസ്വാതന്ത്ര്യത്തിന് കൂടുതൽ വിലകൽപ്പിക്കുന്ന സമൂഹങ്ങളിൽ പൊതുസ്ഥലങ്ങളിലെ സ്നേഹപ്രകടനങ്ങൾക്ക് വിലക്കില്ല. അത് രണ്ടു വ്യക്തികളുടെ കാര്യം എന്നതിനപ്പുറത്തേയ്ക്ക് ആരും ശ്രദ്ധിക്കാനോ ഇടപെടാനോ മുതിരാറില്ല. പാശ്ചാത്യരാജ്യങ്ങൾ ഇതിന് ഉദാഹരണമാണ്. മറിച്ച് യാഥാസ്ഥിതിക മനോഭാവം പുലർത്തുന്ന സമൂഹങ്ങളിൽ പരസ്യമായ സ്നേഹപ്രകടനങ്ങൾ നിയമപരമായി തന്നെ കുറ്റകരമോ അല്ലെങ്കിൽ സമൂഹം ഒട്ടും അംഗീകരിക്കാത്ത ഒന്നോ ആണ്. പൊതുസ്ഥലങ്ങളിലെ പെരുമാറ്റത്തിന് കർശനമായ നിയമങ്ങൾ ഉള്ള അറബ് രാജ്യങ്ങൾ ഇതിന് ഉദാഹരണമാണ്. ഇന്ത്യയിൽ സ്ത്രീയ്ക്കും പുരുഷനും ഒന്നിച്ചു സഞ്ചരിക്കുന്നതിനോ കൈകോർത്ത് നടക്കുന്നതിനോ വിലക്കില്ലെങ്കിലും പരസ്യമായി ചുംബിക്കുന്നതും ആശ്ലേഷിക്കുന്നതും പൊതുവേ അംഗീകരിക്കപ്പെട്ടിട്ടില്ല. വിദ്യാലയങ്ങളിലും ജോലിസ്ഥലങ്ങളിലും ഒരു പരിധിക്കപ്പുറം ആണുംപെണ്ണും അടുത്ത് ഇടപഴകുന്നതിനെ സമൂഹം പ്രോത്സാഹിപ്പിക്കുന്നില്ല. ചില സ്ഥാപനങ്ങളും വിദ്യാലയങ്ങളും എങ്ങനെ പെരുമാറണം എന്നതിന് പ്രത്യേകം മാർഗ്ഗനിർദേശങ്ങളും നൽകാറുണ്ട്.

## തെറ്റും ശരിയും

ഓരോ വ്യക്തിയും വളർന്നുവരുന്ന ചുറ്റുപാടും അവിടെ നിലനിൽക്കുന്ന സാമൂഹിക-സാംസ്കാരിക അന്തരീക്ഷവും അയാളുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു. ചെറുപ്പം മുതൽ കണ്ടുംകേട്ടും അറിഞ്ഞതും അതിന്റെ അടിസ്ഥാനത്തിൽ മനസ്സിൽ രൂപപ്പെടുത്തിയെടുത്ത



**ഒരു വ്യക്തിക്ക് ശരിയെന്ന് തോന്നുന്നത് മറ്റൊരാളുടെ കാഴ്ചപ്പാടിൽ ശരിയാകണ മെന്നില്ല. ഉദാഹരണത്തിന് തീർത്തും യാഥാസ്ഥിതികമായ ഒരു കുടുംബത്തിൽ ജനിച്ചു വളർന്ന ഒരാൾക്ക് താൻ വിവാഹം ചെയ്യാൻ പോകുന്ന പെൺകുട്ടിയുമൊത്ത് ചുറ്റിക്കറങ്ങുന്നതോ അവളെ ചുംബിക്കുന്നതോ തെറ്റായി തോന്നാം. അയാളുടെ കാഴ്ചപ്പാടിൽ വിവാഹം എന്ന ഉടമ്പടിയുടെ പിൻബലമില്ലാതെ ചെയ്യുന്നതെല്ലാം തെറ്റാണ്**

തുമായ തത്വങ്ങളാണ് ഓരോ വ്യക്തിയുടേയും ശരിതെറ്റുകളെ നിർണ്ണയിക്കുന്നത്. ഒരു വ്യക്തിക്ക് ശരിയെന്ന് തോന്നുന്നത് മറ്റൊരാളുടെ കാഴ്ചപ്പാടിൽ ശരിയാകണമെന്നില്ല. ഉദാഹരണത്തിന് തീർത്തും യാഥാസ്ഥിതികമായ ഒരു കുടുംബത്തിൽ ജനിച്ചു വളർന്ന ഒരാൾക്ക് താൻ വിവാഹം ചെയ്യാൻ പോകുന്ന പെൺകുട്ടിയുമൊത്ത് ചുറ്റിക്കറങ്ങുന്നതോ അവളെ ചുംബിക്കുന്നതോ തെറ്റായി തോന്നാം. അയാളുടെ കാഴ്ചപ്പാടിൽ വിവാഹം എന്ന ഉടമ്പടിയുടെ പിൻബലമില്ലാതെ ചെയ്യുന്നതെല്ലാം തെറ്റാണ്. അതേസമയം തന്നെ നിയമപരമായി വിവാഹം കഴിക്കാതെ ഒരുമിച്ചു ജീവിക്കുന്ന അനേകംപേർ ഈ സമൂഹത്തിൽ ഉണ്ട്. അവരാരും തന്നെ കുറ്റബോധത്താൽ നീറി ജീവിക്കുന്നവരല്ല. വിവാഹം എന്ന കരാർ ഇല്ലാതെ തന്നെ ഒരുമിച്ച് ജീവിക്കുന്നതിൽ തെറ്റില്ലെന്ന് വിശ്വസിക്കുന്നവരാണ് അവർ. ഇത്തരത്തിൽ ഓരോ വ്യക്തിയുടേയും ചിന്താഗതിയനുസരിച്ച് അവരുടെ ശരിതെറ്റുകൾ വ്യത്യാസപ്പെട്ടിരിക്കും. അങ്ങനെ വരുമ്പോൾ ഇത്തരത്തിൽ പെരുമാറുന്നത് ശരിയാണ്, ഇതു ശരിയല്ല എന്നിങ്ങനെയുള്ള വിലയിരുത്തലുകൾ ഒരു പരിധി വരെ അസാധ്യമാകുകയും മറ്റൊരു തരത്തിൽ പറഞ്ഞാൽ അത്തരം വിലയിരുത്തലുകൾക്ക് പ്രസക്തിയില്ലാതാകുകയും ചെയ്യും.

## തലമുറകൾ മാറുമ്പോൾ

ഓരോ ദിവസവും ലോകത്ത് പുതിയതെന്തെങ്കിലും കണ്ടുപിടിക്കപ്പെടുന്നു. അത്രയും കാലം ശരിയെന്ന് ധരിച്ചത് പെട്ടെന്ന് തെറ്റാകുന്നു. അതിലൂടെ മനുഷ്യന്റെ ജീവിതത്തിലും കാഴ്ചപ്പാടിലും മാറ്റങ്ങൾ ഉണ്ടാകുന്നു. ശാസ്ത്രസാങ്കേതിക രംഗം മാത്രമല്ല മനുഷ്യന്റെ ചിന്താഗതിയും തലമുറകൾ പിന്നിടുമ്പോൾ പുരോഗമിക്കുന്നുണ്ട്. എൺപത് വയസ്സുള്ള ഒരാൾക്ക് അയാളുടെ കുട്ടിക്കാലത്ത് സ്കൂളിൽ തനിക്കൊപ്പം പഠിച്ച പെൺകുട്ടിയോട് സംസാരിക്കാനോ ആഴത്തിൽ ഒരു സൗഹൃദം രൂപപ്പെടുത്തിയെടുക്കാനോ കഴിഞ്ഞിട്ടുണ്ടാകില്ല. എന്നാൽ അയാളുടെ പേരക്കുട്ടിക്കാവട്ടെ ആൺ-പെൺ വ്യത്യാസമില്ലാതെ വലിയൊരു സൗഹൃദവലയം ഉണ്ടാകും. ഒരുമിച്ച് നടക്കുന്നതിനോ ഫോൺ വിളിക്കുന്നതിനോ യാത്ര പോകുന്നതിനോ അവർക്ക് യാതൊരു വിലക്കും ഉണ്ടാകുകയില്ല. കൗമാരത്തിലേയ്ക്ക് കടക്കുമ്പോഴും ആൺ-പെൺ ഭേദമേന്യ സുഹൃത്തുക്കളായി തുടരാൻ അവർക്ക് സാധിക്കുന്നുണ്ട്. കൂട്ടത്തിലൊരു പെൺകുട്ടിയോട് ഇഷ്ടം തോന്നിയാൽ വർഷങ്ങളോളം അത് ഉള്ളിൽ കൊണ്ടുനടന്ന് ഒടുവിൽ ദൂതന്റെ സഹായത്തോടെ അവതരിപ്പിക്കുന്ന കാമുകൻമാരേയും പുതിയ തലമുറയിൽ കണ്ടുകിട്ടാൻ വിഷമമാണ്. ഉള്ളിൽ തോന്നുന്നത് ആത്മവിശ്വാസത്തോടെ തുറന്നു പറയാൻ ചങ്കൂറ്റം കാണിക്കുന്നവരാണ് പുതിയ തലമുറയിലേറെയും. ബസിലോ ട്രെയിനിലോ ഒരുമിച്ച് ഇരിക്കുന്നതിലും സിനിമകാണുന്നതിലും കൈകോർത്ത് പിടിച്ച് യാത്ര പോകുന്നതിലും അവർ തെറ്റ് കാണുന്നില്ല. ഇത്തരത്തിൽ ചിന്തിക്കുന്ന ഒരു തലമുറയിലെ കണ്ണിയാണ് ഷെയ്ക്ക്ഹാൻഡ് കൊടുത്ത് അഭിനന്ദിക്കുന്ന പഴഞ്ചൻ രീതിക്ക് പകരം കൂട്ടുകാരിയെ കെട്ടിപ്പിടിച്ച് അഭിനന്ദിച്ചത്. അത് അവർ രഹസ്യമായി ചെയ്ത ഒരു പ്രവർത്തിയല്ല. എല്ലാവരും കാണുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് തന്നെയാണ് ചെയ്തതെന്നതിനാൽ അരുതാത്തതെന്തോ ചെയ്യുന്നു എന്നൊരു തോന്നൽ ആ സമയത്ത് രണ്ടുപേർക്കും ഉണ്ടായിരുന്നിരിക്കില്ല. അതുകൊണ്ടു തന്നെ സ്വാഭാവികമായൊരു വികാരപ്രകടനം എന്നു മാത്ര



മേ അതിനെ വ്യാഖ്യാനിക്കാൻ കഴിയൂ.

പുതിയ തലമുറ ആൺ-പെൺ സൗഹൃദങ്ങളിൽ വിശ്വസിക്കുന്നവരാണ്. സൗഹൃദത്തെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും ശരിയായ രീതിയിൽ ഇടപഴകാനും അവരിൽ ഭൂരിഭാഗം പേർക്കും അറിയാം. പുതിയ തലമുറയുടെ സൗഹൃദങ്ങളെ കുറിച്ച് ചൂഴ്ന്ന് ചിന്തിക്കുകയും സൗഹൃദത്തിനപ്പുറം മറ്റെന്തോ കൂടിയില്ലേ എന്ന് സംശയിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. അതിനാൽ അനാവശ്യമായ നിയന്ത്രണങ്ങൾ അവരിൽ അടിച്ചേൽപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കാം.

**പുതിയ തലമുറ ആൺ-പെൺ സൗഹൃദങ്ങളിൽ വിശ്വസിക്കുന്നവരാണ്. സൗഹൃദത്തെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും ശരിയായ രീതിയിൽ ഇടപഴകാനും അവരിൽ ഭൂരിഭാഗം പേർക്കും അറിയാം. പുതിയ തലമുറയുടെ സൗഹൃദങ്ങളെ കുറിച്ച് ചൂഴ്ന്ന് ചിന്തിക്കുകയും സൗഹൃദത്തിനപ്പുറം മറ്റെന്തോ കൂടിയില്ലേ എന്ന് സംശയിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. അതിനാൽ അനാവശ്യമായ നിയന്ത്രണങ്ങൾ അവരിൽ അടിച്ചേൽപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കാം.**

## അതിർവരമ്പ് നിശ്ചയിക്കുന്നതാര്?

പൊതുസ്ഥലത്ത് എങ്ങനെ പെരുമാറണം എന്ന് അലിഖിതമായൊരു നിയമാവലി ഓരോ നാട്ടിലും ഉണ്ട്. അവിടുത്തെ ജനങ്ങളുടെ വിശ്വാസപ്രമാണങ്ങളുടേയും സാമൂഹികാവബോധത്തിന്റേയും അടിസ്ഥാനത്തിൽ രൂപപ്പെട്ടു വരുന്നതാണത്. പാശ്ചാത്യനാടുകളിൽ പൊതുസ്ഥലത്തെ സ്നേഹപ്രകടനങ്ങൾ തീർത്തും സ്വാഭാവികമായ ഒന്നാകുമ്പോൾ ഇന്ത്യയിൽ പലപ്പോഴും അത് ഒരു കുറ്റമായി മാറുന്നു. എന്നാൽ ഇന്ത്യയിൽ തന്നെ പ്രാദേശികവ്യത്യാസങ്ങൾ പ്രകടമാണ്. മുംബൈ പോലൊരു നഗരത്തിൽ നിന്നും ഏറെ വ്യത്യസ്തമാണ് കേരളത്തിലെ ഒരു നാട്ടുമ്പുറം. പൊതുസ്ഥലത്തെ സ്നേഹപ്രകടനങ്ങൾ എങ്ങനെ കുറ്റമാകും എന്ന ചോദ്യത്തിന് ഉത്തരം നൽകുക എളുപ്പമല്ല. ആദ്യം പറഞ്ഞതു പോലെ തന്നെ ഓരോ വ്യക്തിയുടേയും നാടിന്റേയും നാട്ടുകൂട്ടത്തിന്റേയും ശരിതെറ്റുകൾ വ്യത്യാസപ്പെട്ടിരിക്കും. എന്നാൽ നാം ജീവിക്കുന്ന, സഞ്ചരിക്കുന്ന നാടിന്റെ സംസ്കാരത്തെ ഹനിക്കാത്ത തരത്തിൽ പെരുമാറാനാണ് ശ്രമിക്കേണ്ടത്. എന്നു കരുതി സ്വകാര്യതയിലേയ്ക്ക് കടന്നുകയറുന്ന സദാചാര പോലീസുകാരെ അംഗീകരിക്കേണ്ടതില്ല. കണ്ടുനിൽക്കുന്നവർക്ക് അരോചകം എന്നു തോന്നുന്ന തരത്തിലുള്ള സ്നേഹപ്രകടനങ്ങൾ ഏതു നാട്ടിലാണെങ്കിലും ഒഴിവാക്കേണ്ടതാണ്. തീർത്തും അപരിചിതരായ വ്യക്തികളുമായി ഇടപഴകുമ്പോൾ മാന്യമായ അകലം പാലിക്കാനും ശ്രദ്ധിക്കണം. എല്ലാത്തിനുമൊടുവിൽ ഒരു വ്യക്തി ഏതുതരത്തിൽ പെരുമാറണം എന്ന് തീരുമാനിക്കേണ്ടത് അയാൾ തന്നെയാണ്. പൊതുസ്ഥലങ്ങളിലെ സ്നേഹപ്രകടനങ്ങളുടെ അതിർവരമ്പ് നിശ്ചയിക്കേണ്ട ഉത്തരവാദിത്തവും അയാൾക്കു തന്നെ.

■

